


**ജിഎച്ച് എസ് മാണിക്കപറമ്പ്**

## സന്ദേശം

*ഡിജിറ്റൽ ലൈബ്രറികൾ ഉപയോഗിക്കുന്ന ഈ കാലഘട്ടത്തിൽ ഏറ്റവും പ്രസക്തമായ ഒന്നാണ് ആണ് ഡിജിറ്റൽ മാഗസിനുകൾ ഉണ്ടാക്കാനുള്ള കഴിവ് ആർജ്ജിക്കുക എന്നുള്ളത്. മാണിക്കപറമ്പ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു*

*-സിദ്ദിഖ് പിസി*

*ഹെഡ്മാസ്റ്റർ, ജിഎച്ച്എസ് മാണിക്കപറമ്പ്*

## സന്ദേശം

*മാണിക്കപറമ്പ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു*

*-മുഹമ്മദാലി തങ്ങൾ*
*പിടിഎ പ്രസിഡൻറ്, ജി എച്ച് എസ് മാണിക്ക പറമ്പ്*

## സന്ദേശം

*കുട്ടികളുടെ സർഗാത്മകകഴിവുകൾ വികസിപ്പിക്കുവാനും പരിപോഷിപ്പിക്കുവാനും ലിറ്റിൽ കൈറ്റ്സ് രൂപപ്പെടുത്തുന്ന മാഗസിനുകൾ സഹായകരവും പ്രചോദനവുമാണ്. ഇതിൻറെ പിന്നിൽ പ്രവർത്തിച്ച നമ്മുടെ മാണിക്കപറമ്പിലെ ഓരോ അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.*

*-സീമ എം എസ്,*
*എസ് ആർ ജി കൺവീനർ*

# MESSAGE

***So glad to know that the students of LittleKites of GHS Manikkaparamba bring out a colourful digital magazine. I wish all the best to all those who endeavour to publish the magazine.***

***HAMZA VALLOORAN,***

***SITC convener, GHS Manikkaparamba***

## സന്ദേശം

*മാണിക്കപ്പറമ്പ് സർക്കാർ  ഹൈസ്കൂളിലെ കുട്ടികളുടെ രചനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു ലിറ്റിൽ കൈറ്റ്സ് മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. കുട്ടിയുടെ സർവ്വകഴിവുകളെയും അതിന്റെ പരിപൂർണതയിലേക്ക് വളർത്തുകയാണ് ശരിയായ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതു തന്നെയാണ് സർക്കാർ നയവും.ഇതിന്റെ ഭാഗമായാണ് വിദ്യാലയങ്ങളിൽ ടാലന്റ് ലാബുകൾ ഉണ്ടാവുന്നതും. സർഗ്ഗവാസനകൾ കുട്ടിക്കാലത്തു തന്നെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്ന അധ്യാപകരാണ് ഇന്നുള്ളവരിൽ മിക്കവരും. മാനസികമായ വികാസം, സന്തോഷം, സംതൃപ്തി എന്നിവ സാഹിത്യരചനകൾ വഴി കുട്ടികൾക്കു ലഭിക്കുന്നു. അവർ വായനയുടെയും, പുസ്തകങ്ങളുടെയും മാസ്മരലോകത്തേക്ക് കൈപിടിച്ചുയർത്ത പ്പെടുന്നു. അതോടെ അവർ  ബൗദ്ധികവും സാംസ്കാരികവു മായി കൂടുതൽ ഉയർന്ന വ്യക്തികളായി രൂപാന്തരപ്പെടുന്നതായി കാണാം. സാമൂഹ്യബോധവുംമാനവികതയും മുറുകെപ്പിടിക്കുന്ന ഒരു പുതു തലമുറയിലാണ് സമൂഹത്തിന്റെയും രാജ്യത്തിന്റെയും പ്രതീക്ഷകളത്രയും. സർഗ്ഗശേഷി കൈവിടാതെ നമ്മുടെ കുഞ്ഞുങ്ങൾ സംസ്കാരസമ്പന്നരായി വളരട്ടെ. ഈ മാഗസിനുവേണ്ടി പരിശ്രമിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ  അഭിനന്ദനങ്ങൾ.. ആശംസകൾ*

***-വിനോദ് ചെത്തല്ലൂർ***

**സന്ദേശം**

***ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ അവരുടെ കഠിന പ്രയത്നത്തിൻറെ ഫലമായാണ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിട്ടുള്ളത്. അവരുടെ പ്രയത്നത്തിന് ചുക്കാൻ പിടിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾ വളരെയധികം സന്തോഷിക്കുന്നു. ഇനിയും അവർക്ക് ഇത്തരം മാഗസിനുകൾ പ്രസിദ്ധീകരിക്കാൻ കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.***

| | |
|---|---|
| **YAHYAHAROON K P** | **JAYACHITHRA C** |
| **LittleKites Master** | **LittleKites Mistress** |
| **GHS Manikkaparamba** | **GHS Manikkaparamba** |

# ആമുഖം

*കുട്ടികളുടെ സർഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കുന്നതിനും മറ്റു വായനക്കാരിലേക്ക് എത്തിക്കുന്നതിനും വേണ്ടിയാണ് ഗവൺമെൻറ് മാണിക്ക പറമ്പ് ഹൈസ്കൂളിലെ വിദ്യാർഥികൾ ഒരുക്കിയിട്ടുള്ള ഡിജിറ്റൽ മാഗസിൻ. വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് മറ്റുള്ളവരിലേക്ക് എളുപ്പത്തിൽ എത്തിക്കാൻ കഴിയും എന്നുള്ളതാണ് ഇതിൻറെ ഏറ്റവും വലിയ പ്രത്യേകത. ഡിജിറ്റൽ വായനക്കാരുടെ ഇടയിലേക്ക് സാഹിത്യരചനകൾ എത്തിക്കുന്നതിനുള്ള ഒരു ചെറിയ തുടക്കം മാത്രമാണ് ഈ മാഗസിനിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്.*

# വേർപാട്

അതൊരു വെള്ളിയാഴ്ചയായിരുന്നു. ഞാനും ഉമ്മയും കൂടി ഉമ്മ പഠിച്ച സ്കൂളിലേക്ക് പോയി അന്നേരം ഗൾഫിൽനിന്ന് ബാപ്പയുടെ ഫോൺ കോൾ വന്നു. സ്കൂളിൽ ആണെന്നറിഞ്ഞപ്പോൾ ബാപ്പ കൂടുതൽ ഒന്നും സംസാരിക്കാതെ ഫോൺ കട്ട് ചെയ്തു. എത്ര തിരക്കാണെങ്കിലും ബാപ്പ ഫോൺ ചെയ്യാറുണ്ടായിരുന്നു. ഒരിക്കൽ വൈകുന്നേരമായിട്ടും ഫോൺ വന്നില്ല. ഉമ്മ തിരിച്ച് അങ്ങോട്ട് ശ്രമിച്ചിട്ടും ഫോൺ റിംഗ് ചെയ്യുതല്ലാതെ ബാപ്പ എടുത്തില്ല വീണ്ടും വീണ്ടും ശ്രമിച്ചു, വിജയിച്ചില്ല. അങ്ങനെ മൂന്നു ദിവസം കടന്നു പോയി.

ഒരിക്കൽബാപ്പയുടെ കോൾ വന്നു ഞങ്ങൾ എല്ലാവരും സന്തോഷിച്ചു. എന്നാൽ പെട്ടെന്ന് ഫോൺ നിലത്തു വീണു. എന്തുപറ്റി എന്ന് അറിയാതെ ഞങ്ങൾ പരിഭ്രമിച്ചു പോയി. പിന്നെ ബാപ്പയുടെ ജേഷ്ഠനും അനിയനും വീട്ടിലേക്ക് കയറി വന്നു. കഴിഞ്ഞു വന്ന ഞാൻ കാണുന്നത് വീട്ടിൽ നിറയെ കസേരകളും പന്തലും. നാട്ടുകാരും വീട്ടുകാരും എല്ലാം വീട്ടിൽ തടിച്ചുകൂടിയിരിക്കുന്നു. എന്നെ കണ്ടപാടെ ബാപ്പയുടെ അനുജൻ എന്നെ കെട്ടിപ്പിടിച്ചു കരഞ്ഞു.ഞാൻ ഉമ്മയുടെ അടുത്തേക്ക് ഓടി. ബോധരഹിതയായ ഉമ്മയെ കണ്ട് എൻറെ കണ്ണ് നിറഞ്ഞു. ഞാൻ അടുക്കളയിൽ പോയി ആരോ ഉണ്ടാക്കിയ ചായയും കുടിച്ച് ഉമ്മറപ്പടിയിൽ ഇരുന്നു. എല്ലാവരും മൂകരായിരുന്നു. എന്താണ് സംഭവിച്ചത് എന്ന് അറിയാൻ എന്റെ കുരുന്നു ഹൃദയം വിതുമ്പി.

രണ്ടുദിവസം കഴിഞ്ഞപ്പോൾ ചുട്ടുപൊള്ളുന്ന മണലാരണ്യത്തിൽ നിന്നും എൻറെ ഉപ്പയുടെ ഫോൺ കോൾ. ഞാൻ ഓടിചെന്ന് എടുത്തു എന്നാൽ അതു ഉപ്പ ആയിരുന്നില്ല. അപ്പോൾ എൻറെ കയ്യിൽ നിന്നും അമ്മാവൻ ഫോൺ വാങ്ങി, ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു അവിടെ നിന്നു എയർപോർട്ട് വഴി ഉപ്പയുടെ ശരീരം കൊണ്ടുവരാൻ കഴിയില്ല. അവിടെ മറവ് ചെയ്യുന്നതാണ് നല്ലതെന്നു പറഞ്ഞു. നീ എന്തു പറയുന്നു. ഉമ്മ മനസ്സില്ലാ മനസ്സോടെ സമ്മതിച്ചു. ശേഷം പിറ്റേ ദിവസത്തെ പത്രം എടുത്തു നോക്കിയപ്പോൾ ആ സത്യം ഞാൻ അറിഞ്ഞു. ഞാൻ ഷോക്കേറ്റപോലെ നിലത്തുവീണു. എന്റെ പൊന്നുപ്പ ഞങ്ങളെ വിട്ടുപോയി കഴിഞ്ഞു. ഹൃദയം ഒരിക്കലും ഉൾക്കൊള്ളാനാവാത്ത ആ വാർത്ത.. ഞാൻ വേദനയോടെ നോക്കി നിന്നു.

***- ഫിദ ഷെറിൻ 7 A***

# ശ്രീരാമൻറെ അശ്വമേധയാഗം

ശ്രീരാമൻ അയോധ്യയുടെ രാജാവായി വാഴുന്ന കാലം ഭരണം നടത്തുന്ന രാജാക്കന്മാർ തങ്ങളുടെ ശക്തി തെളിയിക്കാൻ അശ്വമേധം എന്ന യാഗം നടത്താറുണ്ട് ഭാഗമായി ഓരോ കുതിരയെ ഓരോ ദിക്കിലേക്ക് വിടും. ആരെങ്കിലും ആ കുതിരയെ തടഞ്ഞാൽ രാജാവിനെ സൈന്യം യുദ്ധം ചെയ്ത് അവരെ തോൽപ്പിക്കണം എന്നിട്ട് കുതിരയെ രക്ഷിച്ച് തിരികെ കൊട്ടാരത്തിലെത്തിക്കണം.

ശ്രീരാമനും ഇത്തരത്തിലൊരു അശ്വമേധയാഗം നടത്തി. യാഗകുതിരയുടെ പിന്നാലെ അനുജനായ ഭരതൻ സൈന്യവുമായി നീങ്ങി. കുറെ ദൂരം ചെന്നപ്പോൾ കുതിര ഒരടി പോലും മുന്നോട്ടു നീങ്ങാതെ അനക്കമറ്റു നിന്നു. ഭരതൻ എത്ര ശ്രമിച്ചിട്ടും കുതിര അനങ്ങിയില്ല. ഹനുമാനും ഇതേസമയം അവിടെയെത്തി ഹനുമാനും കുതിരയെ മുന്നിലേക്ക് തള്ളിനോക്കി. എന്നിട്ടും കുതിര അനങ്ങിയില്ല. ഭരതനും ഹനുമാനും അടുത്ത മഹർഷിയുടെ ആശ്രമത്തിലെത്തി വിവരം പറഞ്ഞു. കുതിരയുടെ അടുത്തു നിന്ന് രാമനാമം ജപിച്ചോളൂ  മഹർഷി പറഞ്ഞു.  അവർ അതുപോലെ ചെയ്തു.

പെട്ടെന്ന് ഭയങ്കരനായ ഒരു രാക്ഷസൻ.  രാക്ഷസൻ കൈകൾ കൂപ്പി പറഞ്ഞു സാത്വികൻ എന്നാണ് എൻറെ പേര്.  എൻറെ അഹങ്കാരം കാരണം മുനിമാർഎന്നെ ശപിച്ച് രൂപം മാറ്റിയതാണ്. ആരെങ്കിലും അടുത്തുനിന്ന് ശ്രീരാമ നാമം ജപിച്ചാൽ ശാപം മാറി പഴയ രൂപം തിരികെ കിട്ടുമെന്ന് അവർ അനുഗ്രഹിച്ചിരുന്നു. അതുകൊണ്ടാണ് ഞാൻ കുതിരയെ പിടിച്ചു നിർത്തിയത്. അതോടെ രാക്ഷസൻ മനുഷ്യരൂപം കിട്ടി . ഭരതനും ഹനുമാനും അനുഗ്രഹിച്ച ശേഷം കുതിരയുമായി മുന്നോട്ട് നീങ്ങി.

***- മിൻഹ ഫാത്തിമ  9A***

**<u>സ്കൂൾ_കായികോത്സവം</u>**







# <u>വേർപാട്</u>

അതൊരു വെള്ളിയാഴ്ചയായിരുന്നു. ഞാനും ഉമ്മയും കൂടി ഉമ്മ പഠിച്ച സ്കൂളിലേക്ക് പോയി അന്നേരം ഗൾഫിൽനിന്ന് ബാപ്പയുടെ ഫോൺ കോൾ വന്നു. സ്കൂളിൽ ആണെന്നറിഞ്ഞപ്പോൾ ബാപ്പ കൂടുതൽ ഒന്നും സംസാരിക്കാതെ ഫോൺ കട്ട് ചെയ്തു. എത്ര തിരക്കാണെങ്കിലും ബാപ്പ ഫോൺ ചെയ്യാറുണ്ടായിരുന്നു. ഒരിക്കൽ വൈകുന്നേരമായിട്ടും ഫോൺ വന്നില്ല. ഉമ്മ തിരിച്ച് അങ്ങോട്ട് ശ്രമിച്ചിട്ടും ഫോൺ റിംഗ് ചെയ്തതല്ലാതെ ബാപ്പ എടുത്തില്ല വീണ്ടും വീണ്ടും ശ്രമിച്ചു, വിജയിച്ചില്ല. അങ്ങനെ മൂന്നു ദിവസം കടന്നു പോയി.

ഒരിക്കൽബാപ്പയുടെ കോൾ വന്നു ഞങ്ങൾ എല്ലാവരും സന്തോഷിച്ചു. എന്നാൽ പെട്ടെന്ന് ഫോൺ നിലത്തു വീണു. എന്തുപറ്റി എന്ന് അറിയാതെ ഞങ്ങൾ പരിഭ്രമിച്ചു പോയി. പിന്നെ ബാപ്പയുടെ ജേഷ്ടനും അനിയനും വീട്ടിലേക്ക് കയറി വന്നു. കഴിഞ്ഞു വന്ന ഞാൻ കാണുന്നത് വീട്ടിൽ നിറയെ കസേരകളും പന്തലും. നാട്ടുകാരും വീട്ടുകാരും എല്ലാം വീട്ടിൽ തടിച്ചുകൂടിയിരിക്കുന്നു. എന്നെ കണ്ടപാടെ ബാപ്പയുടെ അനുജൻ എന്നെ കെട്ടിപ്പിടിച്ചു കരഞ്ഞു.ഞാൻ ഉമ്മയുടെ അടുത്തേക്ക് ഓടി. ബോധരഹിതയായ ഉമ്മയെ കണ്ട് എൻറെ കണ്ണ് നിറഞ്ഞു. ഞാൻ അടുക്കളയിൽ പോയി ആരോ ഉണ്ടാക്കിയ ചായയും കുടിച്ച് ഉമ്മറപ്പടിയിൽ ഇരുന്നു. എല്ലാവരും മൂകരായിരുന്നു. എന്താണ് സംഭവിച്ചത് എന്ന് അറിയാൻ എന്റെ കുരുന്നു ഹൃദയം വിതുമ്പി.

രണ്ടുദിവസം കഴിഞ്ഞപ്പോൾ ചുട്ടുപൊള്ളുന്ന മണലാരണ്യത്തിൽ നിന്നും എൻറെ ഉപ്പയുടെ ഫോൺ കോൾ. ഞാൻ ഓടിചെന്ന് എടുത്തു എന്നാൽ അതു ഉപ്പ ആയിരുന്നില്ല.  അപ്പോൾ എൻറെ കയ്യിൽ നിന്നും അമ്മാവൻ ഫോൺ വാങ്ങി, ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു അവിടെ നിന്നു എയർപോർട്ട് വഴി ഉപ്പയുടെ ശരീരം കൊണ്ടുവരാൻ കഴിയില്ല. അവിടെ മറവ് ചെയ്യുന്നതാണ് നല്ലതെന്നു പറഞ്ഞു. നീ എന്തു പറയുന്നു. ഉമ്മ മനസ്സില്ലാ മനസ്സോടെ സമ്മതിച്ചു. ശേഷം പിറ്റേ ദിവസത്തെ പത്രം എടുത്തു നോക്കിയപ്പോൾ ആ സത്യം ഞാൻ അറിഞ്ഞു. ഞാൻ ഷോക്കേറ്റപോലെ നിലത്തുവീണു. എന്റെ പൊന്നുപ്പ ഞങ്ങളെ വിട്ടുപോയി കഴിഞ്ഞു. ഹൃദയം ഒരിക്കലും ഉൾക്കൊള്ളാനാവാത്ത ആ വാർത്ത.. ഞാൻ വേദനയോടെ നോക്കി നിന്നു.

***- ഫിദ ഷെറിൻ 7 A***

## ആരോഗ്യബോധവൽക്കരണ_ക്യാമ്പ്






**മിന്നാമിനുങ്ങ്**

*"മിന്നും മിന്നും മിന്നാമിനുങ്ങേ*

*ടോർച്ചും കത്തിച്ചെങ്ങോട്ടാ?*

*ഇരുട്ടിൽ തെളിയും നിൻറെ വെളിച്ചം*

*കാണാൻ എന്തൊരു രസമാണ്*

*നിൻറെ കൂടെ പാറിക്കളിക്കാൻ*

*എന്നെയും നീ കൂട്ടാമോ "*

***- മുഹമ്മദ് ഷമീൽ പി 2B***


സ്കൂൾ
കലോത്സവം
2019

## ഉറങ്ങുന്നവന് പോത്തിൻ കുട്ടി

പരമേശ്വർ എന്ന ജാട്ട് തൻറെ ഗർഭിണിയായ എരുമയും കൊണ്ട് ഗ്രാമത്തിലേക്ക് പോവുകയായിരുന്നു. ഏതുസമയവും പ്രസവിക്കാവുന്ന പരുവത്തിലായിരുന്നു എരുമ. വനത്തിൻറെ അതിർത്തിയിൽ എത്തിയപ്പോഴേക്കും നേരവും ഇരുട്ടി. എരുമയുടെ വേഗവും കുറഞ്ഞു. സ്വതവേ മടിയനായ അയാൾക്ക് യാത്ര ചെയ്യാൻ തോന്നിയില്ല. അതുകൊണ്ട് അയാൾ ഒരു മരത്തിൽ എരുമയെ കെട്ടിയിട്ട് അതിൻറെ അരികിലിരുന്നു.

ഈ സമയം എതിർദിശയിൽ നിന്ന് മറ്റൊരാൾ വന്നു. അത് രത്തൻ എന്ന ഒരു ബഞ്ചർ ആയിരുന്നു. അയാളുടെ കൈയ്യിലും ഗർഭിണിയായ ഒരു എരുമയുണ്ടായിരുന്നു. അതിൻറെയും പ്രസവസമയമടുത്തിരുന്നു. പരമേശ്വരിന് ആശ്വാസമായി. രാത്രിയിൽ ഒരു കൂട്ടായല്ലോ. അവർ സംസാരിച്ചിരുന്നു. നമ്മൾ രണ്ടുപേരും ഒരുമിച്ച് ഉറക്കമൊഴിച്ചിട്ട് ഒരു കാര്യവുമില്ല. ഒരാൾ ഉറങ്ങുമ്പോൾ മറ്റെയാൾ കാവൽ ഇരിക്കുന്നതാണ് നല്ലത്, എന്നുപറയുന്നു. പരമേശ്വരൻ സമ്മതിച്ചു. രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ പരമേശ്വരനെ ഉണർത്തിയിട്ട് രത്തൻ ഉറങ്ങി. പരമേശ്വരന് ഉണർന്നിരിക്കാൻ തെല്ലും മനസ്സുണ്ടായിരുന്നില്ല. ഒരു വിധം അയാൾ രണ്ടുമണിക്കൂർ തള്ളിനീക്കി. ഉടൻതന്നെ പരമേശ്വർ ഉറങ്ങാൻ കിടന്നു. ഈ സമയം രണ്ട് എരുമകളും പ്രസവിച്ചു. പരമേശ്വരൻറെ എരുമ എരുമ കിടാവിനെയും രത്തൻറെ എരുമ പോത്തിൻ കിടാവിനെയും പ്രസവിച്ചു.

അതിനുശേഷമാണ് പരമേശ്വരനെ അയാൾ വിളിച്ചുണർത്തിയത്. നോക്കൂ നമ്മുടെ എരുമകൾ പ്രസവിച്ചു. എന്താണ് എന്നെ വിളിക്കാതിരുന്നത് പരമേശ്വർ ചോദിച്ചു എനിക്ക് ഒറ്റയ്ക്ക് ചെയ്യാവുന്ന പണിയേ ഉണ്ടായിരുന്നുള്ളൂ ചിരിച്ചുകൊണ്ട് പറഞ്ഞു തനിക്ക് പോത്തിൻ കുഞ്ഞും രത്തന് എരുമ കുഞ്ഞും ആണ് കിട്ടിയത് എന്ന് അറിഞ്ഞപ്പോൾ താൻ പറ്റിക്കപ്പെട്ടു എന്ന് പരമേശ്വരന് മനസ്സിലായി. പക്ഷേ പറഞ്ഞിട്ട് കാര്യമില്ലല്ലോ. കിടന്നുറങ്ങുന്നവന് പോത്തിൻകുട്ടി എന്നു പറയുന്നത് വെറുതെയല്ല. പരമേശ്വർ നിശ്വാസത്തോടെ പറഞ്ഞു. അതോടെ പരമേശ്വർ ഒരു പാഠം പഠിച്ചു.

തൻറെ ജോലി ചെയ്യാതെ കിടന്നുറങ്ങുന്നവന് അർഹിക്കുന്നത് ലഭിക്കില്ലാ എന്നാണ് ഹരിയാനയിലെ ഈ പഴമൊഴിയുടെ അർത്ഥം.

# <u>നെയ്ത്തുകാരൻ ആയ ദിവാൻ</u>

രാജസ്ഥാനിലെ സർദാർ ഷമാർ എന്ന രാജ്യത്ത് നിർധനനും ബുദ്ധിമാനുമായ ഒരു നെയ്ത്തുകാരൻ ഉണ്ടായിരുന്നു. അയാളുടെ ബുദ്ധി സാമർത്ഥ്യത്തെ പറ്റി കേട്ടറിഞ്ഞ് മഹാരാജാവ് അയാളെ തന്നെ ദിവാനായി നിയമിച്ചു. ആ രാജ്യത്തെ പ്രമുഖർക്ക് രാജാവിന്റെ ഈ പ്രവർത്തി തീരെ ഇഷ്ടമായില്ല. ദിവാൻ പദവിയിൽ കണ്ണുണ്ടായിരുന്ന ഒരു പ്രവശ്യാ പ്രമുഖൻ രാജാവിനെ സമീപിച്ചു പറഞ്ഞു.  അങ്ങ് ഒരു നിർധനനായ നെയ്ത്തുകാരനെ ദിവാനായി നിയമിച്ചതിന് അയൽരാജ്യക്കാർ അങ്ങയെ പരിഹസിക്കുകയാണ് അതുകൊണ്ട് എത്രയും വേഗം അയാളെ പിരിച്ചു വിടുന്നതാണ് നല്ലത്. ബുദ്ധിമാനായ അയാളെ എന്തു കാരണം പറഞ്ഞാണ് പിരിച്ചുവിടുക? രാജാവ് ചോദിച്ചു. പ്രവശ്യാ പ്രമുഖൻറെ തലയിൽ ഒരു കുശലം ഉദിച്ചു.  ഇത്രയും ഉയർന്ന പദവിക്ക് യോജിച്ചതാണോ അയാളുടെ ബുദ്ധി എന്ന് പരീക്ഷിച്ചു നോക്കിയാൽ മതിയല്ലോ. അതെങ്ങനെ? രാജാവ് ചോദിച്ചു.  വൈകുന്നേരത്തിന് മുമ്പ് ഒരു പാത്രം കാളപ്പാൽ കൊണ്ടു വന്നില്ലെങ്കിൽ ജോലിയിൽ നിന്നും പിരിച്ചു വിടും എന്ന് അയാളോട് കല്പിച്ചാൽ മതി, പ്രവിശ്യാ പ്രമുഖൻ പറഞ്ഞു.

പ്രമുഖൻ പറഞ്ഞതുപോലെ രാജാവ് കൽപ്പിച്ചു. വീട്ടിൽ ചെന്ന് സഹോദരിയോട് പറഞ്ഞു. ഒരു ശൂന്യമായ പാത്രം തളികയിൽ വച്ച് മൂടി വൈകുന്നേരം രാജസദസ്സിൽ കൊണ്ടുപോയി കൊടുക്കണം. എന്നെ  അന്വേഷിച്ചാൽ ഞാൻ പറഞ്ഞു തരുന്നത് പോലെ പറയുകയും വേണം.  അയാൾ പറഞ്ഞത് പോലെ അവൾ ചെയ്തു. നിൻറെ സഹോദരൻ എവിടെ രാജാവ് തിരക്കി. ഇന്ന് വൈകുന്നേരം അദ്ദേഹം ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. അതുകൊണ്ടുവരാൻ കഴിഞ്ഞില്ല. അവൾ ആദരവോടെ പറഞ്ഞു. "വിഡ്ഢിത്തം  എവിടെയെങ്കിലും കേട്ടിട്ടുണ്ടോ ഒരു പുരുഷൻ പ്രസവിച്ചതായി? ". "കാള പാലുതരുന്നതായും  എവിടെയെങ്കിലും കേട്ടിട്ടുണ്ടോ" അവൾ ഭവ്യതയോടെ ചോദിച്ചു.  ഇതുകേട്ട് രാജാവ് സ്തംഭിച്ചുപോയി. ദിവാൻറെ  ജോലി നഷ്ടപ്പെട്ടില്ല എന്നറിഞ്ഞപ്പോൾ പ്രവിശ്യാ പ്രമുഖൻ നിരാശനായി. പക്ഷേ അയാൾ അത് പുറത്തു കാട്ടിയില്ല. അയാളൊരു നെയ്ത്തുകാരനാണല്ലോ. ചിലന്തിവലകൊണ്ട് ഒരു കുർത്ത നെയ്തുകൊണ്ടുവരാൻ കൽപ്പിക്കുക. അയാൾ ജയിക്കുമോയെന്ന് കാണാം.  രാജാവ് അപ്രകാരം കൽപിച്ചു.

അതുകൊണ്ട് ഒരു കുത്ത് ചെയ്തു കൊണ്ടുവരാൻ കൽപ്പിക്കുക ഏതു കൊണ്ടുവരാൻ കൽപ്പിക്കുക പറയണം രാജാവ് അപ്രകാരം കല്പിച്ചു ദിവാൻ ഇത്തവണ കുടുങ്ങിയത് തന്നെ എന്ന് കരുതി എഴുതി പ്രവാചക പ്രമുഖൻ സന്തോഷിച്ചു രാജാവിനോട് അപേക്ഷിച്ചു മഹാരാജ ഉദ്യാനത്തിലെ തടാകത്തിൽ തീകെടുത്താൻ പഠിപ്പിക്കാമോ വെള്ളം കയറിയ ഉണ്ടെങ്കിൽ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ രാജാവ് അത്ഭുതത്തോടെ ചോദിച്ചു വെള്ളത്തിന് പിടിച്ചതായി ആർക്കും ആരെങ്കിലും കേട്ടിട്ടുണ്ടോ ചിലന്തി വല കൊണ്ട് കേട്ടിട്ടുണ്ടോ എന്ന് ചോദിച്ചു രാജാവിന് ബുദ്ധിയിൽ മതിപ്പ് തോന്നി താങ്കൾ രണ്ടു പരീക്ഷണങ്ങളും വിജയിച്ചിരിക്കുന്നു ദിവാനായി കിട്ടിയത് നാം അഭിമാനിക്കുന്നു

സന്തോഷിച്ചു അപേക്ഷിച്ചു കൊടുക്കാൻ ഉണ്ടെങ്കിൽ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ രാജാവ് അത്ഭുതത്തോടെ ചോദിച്ചു പിടിച്ചതായി ആരെങ്കിലും കേട്ടിട്ടുണ്ടോ കേട്ടിട്ടുണ്ടോ ചോദിച്ചു താങ്കൾ രണ്ടു പരീക്ഷണങ്ങളിലും വിജയിച്ചിരിക്കുന്നു താങ്കളെ കിട്ടിയത് നാം അഭിമാനിക്കുന്നു

*- നിഹാലഷെറിൻ*

# — ഉണക്കൽ —

മൊബൈൽ പറഞ്ഞത് -


കണ്ണുകളിലൂടെ വഴിഞ്ഞിരുന്ന
സ്നേഹത്തിന്റെ നനവും
സാമീപ്യത്തിന്റെ കുളിരുമാണ്
ഞാൻ തേച്ചുണക്കിയത്

ടി.വി. പറഞ്ഞത് -
കുടുംബങ്ങളിലെ
ഹൃദയബന്ധങ്ങളുടെ
ഉറവകളാണ്
ഞാൻ ഒപ്പിയുണക്കിയത്

പണം പറഞ്ഞത് -

സമൂഹത്തിലെ
ഇഴയടുപ്പങ്ങളിലെ
അലിവിന്റെ കിനിവും
നന്മയുടെ കണങ്ങളുമാണ്
ഞാൻ വറുത്തുണക്കിയത്


വിനോദ് ചെത്തല്ലൂർ
— 9562410046










തത്ത


Ayishathu Thuwayyiba
X-A




Ayishathu Thuwayyiba
X-A


പൂന്തോട്ടം
Fathima Sana. II.B

***2020** ജനവരി ലക്കം അക്ഷരദീപം മാസികയിൽ പ്രസിദ്ധീകരിച്ച അനുഭവക്കുറിപ്പ്*

അനുഭവക്കുറിപ്പ്



ഷൈലജ മോഹൻ

# ഓർമ്മത്തെല്ല്

മുറ്റമടിച്ചു കഴിഞ്ഞ് ചൂലിന്റെ കെട്ടൊന്നു മുറുക്കിക്കെട്ടി, മഞ്ഞക്കോളാമ്പിയെയും ഉണ്ടച്ചെമ്പരത്തിയെയും ഒന്നു തലോടി, ചൂലും മുറവും പിന്നാമ്പുറത്ത് കൊണ്ടുവെച്ചു.

ഇന്ന് നല്ല പനിക്കോളാണ്. ഹെഡ് മാസ്റ്ററോട് ലീവ് വിളിച്ചു പറഞ്ഞ് ഇത്തിരി കഞ്ഞിയും ചമ്മന്തിയും ഉണ്ടാക്കിക്കഴിച്ച് ഒരു ദിവസത്തെ മുഴുനീള വിശ്രമത്തിനുള്ള ഒരുക്കത്തിലായിരുന്നു ഞാൻ. ക്ഷീണം തീർക്കാൻ കട്ടിലിൽ ഒന്ന് തലചായ്ച്ചപ്പോൾ അറിയാതെ അമ്മമ്മ വിളമ്പിത്തന്നിരുന്ന കഞ്ഞിയുടെയും പുഴുക്കിന്റെയും സ്വാദ് നാവിലൂറി.

മനസ്സ് പല വഴികളും പിന്നിട്ട് പിന്നാക്കമോടി. എത്തിയത് മരപ്പടിയും മരത്തൂണുകളുമുള്ള പരമ്പു തട്ടിക തൂക്കിയ ഉമ്മറത്താണ്. ഒരുപാട് അംഗങ്ങൾ ഒന്നിച്ചു ജീവിച്ച ആ പഴയ തറവാട്ടു മുറ്റത്ത്.

മനസ്സിൽ ഒരു നിഴൽചിത്രം പോലെ ആ കാലവും, കുസൃതി നിറഞ്ഞ എന്റെ ബാല്യവും കയറി വന്നു.

ആറ് വയസ്സുകാരിയായ ഞാൻ ആ തറവാട്ടിലാണ്. അച്ഛനും അമ്മയും മദിരാശിയിലാണ്. കേരളത്തിലേക്ക് മാറ്റം വാങ്ങാൻ അച്ഛൻ ശ്രമിക്കുന്നുണ്ട്. നാലു വയസ്സു വരെ ഞാനും അവിടെയായിരുന്നു. അമ്മയ്ക്ക് നിർബന്ധം, വിദ്യാഭ്യാസം കേരളത്തിൽ മതിയെന്ന്. അങ്ങനെ ഞാൻ അമ്മമ്മയുടെ അടുത്തെത്തി.

വെളുത്ത് ഉയരം കുറഞ്ഞ് നിറയെ മുടിയുള്ള അമ്മമ്മ. ഇത്തിരി കറുത്ത് ഉയരമുള്ള, ഒറ്റമുണ്ടും ഒരു തോർത്ത് തോളിലും ഇട്ടു നടക്കുന്ന മുത്തച്ഛൻ പാടത്തും പറമ്പിലുമാണ് സദാസമയവും. കന്നിന്റെയും വിളവിന്റെയും കാര്യം മാത്രമാണ് മുത്തച്ഛൻ പറയുക.

ഞാൻ വീട്ടിലും നാട്ടിലും താരമാണ്. മദിരാശിയിൽ നിന്ന് വന്നതല്ലേ, അല്ലറ ചില്ലറ തമിഴ് വാക്ക് പേശി കൂട്ടുകാരെ കയ്യിലെടുക്കും. അച്ഛനുമമ്മയും കൂടെ ഇല്ലാത്തതു കൊണ്ട് അമ്മമ്മ ഇത്തിരി വാത്സല്യം അധികം തരും. അതിനനുസരിച്ച് ഞാൻ കുറുമ്പ് കാട്ടും.

ആ കൊച്ചു ഗ്രാമത്തിലെ എന്റെ ഒന്നാം ക്ലാസ് പൂർത്തിയായി. സ്കൂളിലേക്ക് ഒന്നര കിലോമീറ്ററോളം നടക്കണം. വഴി മുഴുവൻ പല തരക്കാർ കൂട്ടംകൂട്ടമായി നടക്കുന്നുണ്ടാവും. കുപ്പായത്തിന്റെ, കുപ്പിവളയുടെ, വീട്ടിലെ വിശേഷങ്ങളുടെ കലമ്പലുമായി വഴിയങ്ങനെ ഒഴുകും.

ആ കാലത്താണ് ആദ്യമായി അതിലേ ഒരു ബസ്സ് ഓടാൻ തുടങ്ങുന്നത്. 'എം.ബി.എച്ച്.' - അതാണ് ഹീറോയുടെ പേര്. സ്കൂളിന്റെ മുന്നിലാണ് ബസ്സിന്റെ അവസാന സ്റ്റോപ്പ്. സ്കൂളിനപ്പുറം പുഴയാണ്. പുഴയ്ക്ക് പാലമില്ലാത്തതിനാൽ ബസ്സ് അതിനപ്പുറം പോവില്ല. നാടിന്റെ പ്രിയവണ്ടിയായി മാറി എം.ബി.എച്ച്. പതുക്കെ പതുക്കെ വലിയ കുട്ടികളിൽ ചിലർ ബസ്സിൽ പോവാൻ തുടങ്ങി. കുട്ടികൾക്ക് പത്തു പൈസ കൊടുത്താൽ മതി. വീട്ടിൽ ചോദിച്ചാൽ പൈസ കിട്ടുന്ന കുട്ടികൾ ബാഗും തൂക്കി ഗമയോടെ ബസ്സിൽ വന്നിറങ്ങിത്തുടങ്ങി. കൃത്യസമയത്താണ് ബസ്സ് സ്കൂൾ പടിക്കൽ എത്തുന്നത്.

എന്റെ മനസ്സിലും പതുക്കെ ഒരു മോഹം തല പൊക്കിത്തുടങ്ങി. ഒരു ദിവസം ബസ്സിൽ കയറി പൊടി പറത്തുന്ന റോഡിലൂടെ യാത്ര ചെയ്ത് സ്കൂൾ പടിക്കൽ ചെന്ന് ഇറങ്ങണം. പക്ഷെ, പത്തു പൈസ വേണ്ടേ? അത് ഒരു പ്രശ്നമായി മുന്നിൽ നിന്നു. പതുക്കെ ഞാൻ അമ്മമ്മയെ സമീപിച്ചു കാര്യം ബോധിപ്പിച്ചു.

"അതൊന്നും വേണ്ട. ന്റോള് എന്നത്തേം പോലെ നടന്ന് പോയാമതി. ഇവ്ട്ന്നൊന്നും ആരും ബസ്സില് പോണില്ല്യ. അത്വല്ല, ബ്ടെ പ്പൊ ബസ്സില് കൊടുക്കാൻ പത്ത് പൈസേം ഇല്ല്യ. ണ്ടങ്കി ത്തിരി പൊകല വാങ്ങേർന്നു."

ഞാൻ ശ്രമം ഉപേക്ഷിച്ചില്ല. വീണ്ടും കെഞ്ചിക്കൊണ്ടേയിരുന്നു. ദിവസങ്ങൾ കഴിഞ്ഞപ്പോൾ അപേക്ഷ മുത്തച്ഛന്റെ അടുത്തെത്തി. അവിടെ മുത്തച്ഛൻ എന്റെ ഭാഗം നിന്നു.

"ഓള്ക്ക് അങ്ങനൊരു മോഹം ണ്ടങ്കി ഒരീസം പൊയ്ക്കോട്ടെ.

പിന്നെ, എന്ന്വൊന്നും പറ്റില്ല ട്ടൊ. അണക്ക് ഒറ്റക്ക് ബസ്സില് കേറി പോകാനൊക്കെ വെയ്ക്വോ?? ബ്ട്ത്തെ കുട്ട്യോളൊക്കെ നടന്നു പോണോരല്ലേ?"

മുത്തച്ഛന്റെ ചോദ്യം.

രണ്ടാം ക്ലാസുകാരിയായ എനിക്ക് അപാര അത്മവിശ്വാസമായിരുന്നു. അങ്ങനെ എനിക്ക് കിട്ടിയ പത്തു പൈസയുമായി ഞാൻ അഹങ്കാരത്തോടെ കാത്തിരുന്നു, തിങ്കളാഴ്ചയാവാൻ.

രാവിലെ അമ്മമ്മ മുത്തച്ഛനോട് പറഞ്ഞു.

"ദോക്കിൻ, ങ്ങള് ഓളെ ആ ബസ്സില് കേറ്റി വിട്വോണ്ടു. നിക്ക് ഒരു സമാധാനോം ല്ല്യ. കുട്ട്യോൾടെ ഓരോ വാശികള്!! ന്നെ എൽപ്പിച്ചു പോയതല്ലേ, എത്രേച്ച്ട്ടാ പറയ്വാ? ഒന്ന് ബസ്സില് കേറി കൊതി തീർത്താ പിന്നെ ബ്ടെ ചെവിതല കേൾക്കാലോ...!!"

ഞാൻ ഉത്സാഹത്തിമർപ്പിലാണ്. പത്ത് മണിക്ക് ഞങ്ങൾ റോഡിലെത്തി. കൂട്ടുകാരൊക്കെ പോയിരിക്കുന്നു. ഇന്ന് ഞാൻ ബസ്സിലാണ് വരുന്നതെന്ന് എല്ലാവരോടും പറഞ്ഞിട്ടുണ്ട്. മുത്തച്ഛൻ റോഡുവളവിലുള്ള ഒരു കല്ലിൽ ഇരിപ്പുറപ്പിച്ചു ഒരു ബീഡിയെടുത്ത് ആഞ്ഞു പുക വിടാനും തുടങ്ങി. തോളിലൊരു സഞ്ചിയും കയ്യിൽ മുറുകെ പിടിച്ച പത്തുപൈസയുമായി ഞാൻ കാത്തു നിന്നു. ചെറുതായി ചങ്കിടിക്കുന്നുണ്ട്. ബസ്സ് വേഗം വരണേ ഈശ്വരാ.... ഞാൻ പ്രാർത്ഥിച്ചു.

അതാ ദൂരെ നിന്ന് ഒരു ഇരമ്പൽ. ബസ്സ് വരികയാണ്.

"മോളേ, ബസ്സ് വര്ണ്ണ്ട്. നോക്കി കേറിക്കൊ...ട്ടൊ."

നിസ്സംഗനായി മുത്തച്ഛൻ.

ബസ്സ് വളവ് തിരിഞ്ഞു വന്നു.

അവിടെ ആരും ഇറങ്ങാനില്ലാത്തതു കൊണ്ടും എന്നെ കണ്ടിട്ട് ബസ്സിൽ കയറാനാണ് നിൽക്കുന്നത് എന്നു മനസ്സിലാവാഞ്ഞിട്ടും വന്ന അതേ സ്പീഡിൽ എം.ബി.എച്ച്. എന്റെ മുന്നിലൂടെ പാഞ്ഞു പോയി.

"ഹെന്റമ്മേ....!!!"

എല്ലാ മനക്കോട്ടകളും തകർന്നു പോയി.

"മുത്തച്ഛാ...ന്താ ചെയ്യാ....? ബസ്സ് പോയി."

തൊണ്ടയിൽ നിന്ന് ഒരു നിലവിളി ഉയർന്നു.

"ന്റാള് ഞ്ഞി നടന്നു പൊയ്ക്കോ....അത് ബ്ടെ നിർത്തീല്യ."

നിർവികാരനായ മുത്തച്ഛനെ നോക്കാതെ ഞാൻ ഓടുകയായിരുന്നു. പത്തു പൈസയും കൈയിൽ മുറുകെ പിടിച്ച്. ബസ്സ് പൊടി പടർത്തിയ റോഡിലൂടെ.....

ഓട്ടം അവസാനിച്ചത് സ്കൂളിന് മുന്നിലാണ്. കിതച്ച് പേടിച്ച്, നാണംകെട്ട് ഞാൻ പതുക്കെ ഗെയ്റ്റ് കടന്നു.

അസംബ്ലി നടക്കുന്നു. കുട്ടികൾ എന്നെ കാണുന്നില്ല. പക്ഷെ എന്റെ പൗലോസ്മാഷ് എന്നെ കാണുന്നുണ്ടായിരുന്നു. ആഗ്രഹങ്ങൾ തകിടം മറിഞ്ഞതിന്റെയും ചെറിയൊരു അഭിമാനക്ഷതത്തിന്റെയും വിഷമം തളർത്തിയ മുഖവുമായി ഞാൻ വരിയുടെ പിന്നിൽ ചെന്നു നിന്നു.

അസംബ്ലി കഴിഞ്ഞ് ക്ലാസ്സിലെത്തിയ എന്നെ ചേർത്തു പിടിച്ച് പൗലോസ് മാഷ് വിവരം ചോദിച്ചപ്പോൾ ഏങ്ങിയേങ്ങി കാര്യം പറഞ്ഞതും മാഷ് ചിരിച്ചുകൊണ്ട് സ്നേഹത്തോടെ ആശ്വസിപ്പിച്ചതിന്റെയും ഓർമ്മകൾ മനസ്സിലൂറി.

പാതി പനിമയക്കത്തിലും എന്റെ മുഖത്ത് വിരിഞ്ഞ ചിരി കണ്ടുകൊണ്ടാണ് ഷോപ്പിങ് കഴിഞ്ഞ മക്കൾ കാറിൽ വന്നിറങ്ങിയത്.

"ദേ....നോക്കെടാ.... അമ്മ ഇന്നും പകൽ സ്വപ്നം കാണുന്നു."

മക്കൾ എന്നെ കളിയാക്കിക്കൊണ്ട് പറഞ്ഞു.

ഒരു ബസ്സിൽ കയറാൻ കൊതിച്ച കുഞ്ഞുകുട്ടിയുടെ മനസ്സെന്തെന്ന്, വണ്ടികളിൽ ചീറിപ്പായുന്ന ഇന്നത്തെ തലമുറ എങ്ങനെ അറിയാൻ....

ഞാൻ ഒന്നുകൂടി തെളിഞ്ഞു ചിരിച്ചുകൊണ്ട് മക്കളെ നോക്കി.

ഓർമ്മകളുടെ സുഗന്ധവും പേറി.

ലിറ്റിൽകൈറ്റ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ പൂക്കളം












ജോണും രാജകുമാരിയും

പണ്ടുപണ്ട് ഒരു ഗ്രാമത്തിൽ ഒരു കൃഷിക്കാരൻ ഉണ്ടായിരുന്നു അദ്ദേഹത്തിന് മൂന്ന് ആൺമക്കളും ഉണ്ടായിരുന്നു. ഒരു ദിവസം അവരെ മൂന്നുപേരെയും അടുത്ത് വിളിച്ചു പറഞ്ഞു. “മക്കളെ നിങ്ങൾക്ക് വിവാഹപ്രായം ആയിരിക്കുന്നു. അതുകൊണ്ട് നമ്മുടെ മുത്തശ്ശിമാർ ചെയ്തത് പോലെ നമ്മുടെ തോട്ടത്തിൽ പോയി മൂന്ന് മരം മുറിക്കണം. മരം എവിടേക്കാണ് വീഴുന്നത് അവിടെ ആയിരിക്കും നിങ്ങളുടെ വധു. പക്ഷേ ഒരു കാര്യമുണ്ട് നിങ്ങൾ മുറിച്ച മരത്തിന് പകരം 10 മരം വേറെ വയ്ക്കണം. അങ്ങനെ അവർ മൂന്നുപേരും തോട്ടത്തിൽ പോയി മരം മുറിച്ചു. വലിയ മകൻ മരം വടക്കിലേക്കും ഇളയവനായ ജോണിയുടെ മരം പടിഞ്ഞാറോട്ടും വീണു.

വലിയവൻ പറഞ്ഞു ഞാൻ സ്നേഹിക്കുന്ന പെണ്ണ് വടക്കിലാണ് നടുവിലത്തെ മകൻ പറഞ്ഞു ഞാൻ സ്നേഹിക്കുന്നത് തെക്കിലും. ജോണിയുടെ മരം വീണത് ഒരു കാടിൻറെ ഭാഗത്തേക്ക് ആയിരുന്നു. അതുകൊണ്ട് സഹോദരൻമാർ അവനെ കളിയാക്കി. നിൻറെ ഭാര്യ വല്ല മൃഗവുമാണോ?. അതുകേട്ട് അവനെ സങ്കടമായി, എന്നാലും അവനു വിശ്വാസമുണ്ടായിരുന്നു. അതുകൊണ്ട് അവൻ നടന്നു. അങ്ങനെ അവസാനം ഒരു കൊച്ചു കുടിൽ കണ്ടു. ആ വീട്ടിലേക്ക് കയറി അവിടെ ഉണ്ടായിരുന്നത് ഒരു എലി ആയിരുന്നു. എലി അവനോടു കാര്യങ്ങൾ ചോദിച്ചു. അപ്പോൾ അവൻ നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. നിനക്ക് എന്നെ വിവാഹം കഴിച്ചു കൂടെ? ജോണിന് വളരെ സങ്കടം തോന്നി. എലിക്ക് സങ്കടമായി. ജോണി പറഞ്ഞു നീ കരയേണ്ട നിന്നെ ഞാൻ വിവാഹം കഴിക്കാം. നിനക്ക് പാട്ടുപാടാൻ അറിയാമോ? എലി വളരെ മധുരമായി പാടി.

അങ്ങനെ അവർ മൂന്നു മക്കളും അച്ഛൻറെ അടുത്തുവന്നു. അച്ഛൻ ചോദിച്ചു നിങ്ങൾ നിങ്ങളുടെ വധുവിനെ കണ്ടുപിടിച്ചോ?. എന്നാൽ ശരി നിങ്ങൾ മൂന്നു പേരുടെയും ഭാര്യമാരുടെ കൈ കൊണ്ട് നെയ്ത തുണി കൊണ്ടു വരാൻ പറയു. അപ്പോൾ അവൻ വേഗം കാട്ടിലേക്ക് പോയി ഒരു എലിക്ക് തുണി നെയ്യാൻ കഴിയുമോ? എലി പറഞ്ഞു നീ വിഷമിക്കേണ്ട ഉടൻ തന്നെ എലി ഒരു ശബ്ദം പുറപ്പെടുവിച്ചു. പെട്ടന്ന് കുറെ എലികൾ അവടെക്ക് വന്നു. അവരോട് പറഞ്ഞു ഈ ലോകത്തെ ഏറ്റവും നല്ല നൂല് കൊണ്ടുവരൂ. കുറച്ചു സമയം കഴിഞ്ഞു എലികൾ നൂല് കൊണ്ടുവന്നു.

അവൾ പെട്ടെന്ന് തന്നെ തുണി നെയ്ത് ജോണിന് നൽകി. അവനെ എടുത്ത് അച്ഛൻറെ അടുക്കലേക്ക് പോയി. അച്ഛനെ ഏറ്റവും ഇഷ്ടപ്പെട്ടത് ജോൺ കൊണ്ടുവന്ന തുണിയായിരുന്നു.

അച്ഛൻ പറഞ്ഞു നിങ്ങളുടെ ഭാര്യമാരെ വീട്ടിലേക്ക് കൊണ്ടു വരു. അങ്ങനെ ജോണി ഭാര്യയെയും കൂട്ടി വീട്ടിലേക്ക് വരികയായിരുന്നു. പാലം കടന്നു വേണം ആയിരുന്നു അവൻറെ വീട്ടിലേക്ക് വരാൻ പുഴയുടെ തീരത്ത് എത്തിയപ്പോഴേക്കും എലി പുഴയിലേക്ക് വീണു. ജോൺ വളരെ വിഷമിച്ചു കുറച്ചു കഴിഞ്ഞു നോക്കിയപ്പോൾ പുഴയുടെ തീരത്ത് ഒരു രാജകുമാരി. എന്നിട്ട് ആ രാജകുമാരി പറഞ്ഞു ജോണി വേഗം വാ. അച്ഛൻറെ അടുത്തേക്ക് പോകണ്ടേ? അപ്പോൾ ജോണി ചോദിച്ചു "നീ ആരണ്". അപ്പോൾ അവൾ പറഞ്ഞു ഞാൻ ഒരു മന്ത്രവാദിയുടെ ശാപം ഏറ്റു എലി ആയി മാറിയിരുന്നു ഒരു മനുഷ്യനെ വിവാഹം കഴിച്ചാൽ മാത്രമേ ഞാൻ തിരിച്ച് രാജകുമാരി ആവുകയുള്ളു. അവനു വളരെയധികം സന്തോഷം തോന്നി.

അവൻ വേഗം അവളെയും കൂട്ടി അവൻറെ അച്ഛൻറെ അടുക്കലേക്ക് ചെന്നു ജ്യേഷ്ഠന്മാർ അവനെ വധുവിനെ കണ്ടു ഞെട്ടിത്തരിച്ചു. അങ്ങനെ അവർ സന്തോഷമായി ജീവിച്ചു.

*- റിൻഷീന* ***8A***

*<u>അഭിമാന നിമിഷങ്ങൾ</u>*

# മാതൃഭൂമി വി.കെ.സി. നന്മ പുരസ്കാരങ്ങൾ വിതരണം ചെയ്തു



മാതൃഭൂമി വി.കെ.സി. നന്മ പദ്ധതിയിൽ സംസ്ഥാനതലത്തിൽ രണ്ടാംസ്ഥാനം ലഭിച്ച പാലക്കാട് മാണിക്കപ്പറമ്പ ജി.എച്ച്.എസ് വിദ്യാർഥികളും സ്കൂൾ പ്രതിനിധികളും മന്ത്രി വി.എസ്. സുനിൽകുമാറിൽനിന്ന് പുരസ്കാരം ഏറ്റുവാങ്ങുന്നു. വി.കെ.സി. ഡയറക്ടർ എം.എ. പ്രേംരാജ് സമീപം

**തൃശ്ശൂർ** ▸ മാതൃഭൂമിയും പ്രമുഖ പാദരക്ഷാനിർമാതാക്കളായ വി.കെ.സി. ഗ്രൂപ്പും ചേർന്ന് സ്കൂളുകളിൽ നടപ്പാക്കിയ നന്മ പദ്ധതിയുടെ സംസ്ഥാനതല പുരസ്കാരങ്ങൾ വിതരണം ചെയ്തു. തൃശ്ശൂർ മാതൃഭൂമി ഓഫീസിൽ നടന്ന ചടങ്ങിൽ മന്ത്രി വി.എസ്. സുനിൽകുമാറാണ് ആദ്യ മൂന്നുസ്ഥാനം ലഭിച്ച സ്കൂളുകൾക്കുള്ള പുരസ്കാരങ്ങൾ നൽകിയത്.

ഒന്നാംസ്ഥാനം ലഭിച്ച തൃശ്ശൂർ എടതിരിഞ്ഞി എച്ച്.ഡി.പി. സമാജം ഇ.എം.എൽ.പി. എസിന് ഒരുലക്ഷം രൂപയും, രണ്ടാംസ്ഥാനം ലഭിച്ച പാലക്കാട് മാണിക്കപ്പറമ്പ ജി.എച്ച്.എസിന് 75,000 രൂപയും, മൂന്നാംസ്ഥാനം ലഭിച്ച തിരുവനന്തപുരം ഇടവ ജവഹർ പബ്ലിക് സ്കൂളിന് 50,000 രൂപയും സമ്മാനമായി നൽകി. കൂടാതെ ട്രോഫികളും പ്രശസ്തിപത്രവും സമ്മാനിച്ചു.

സാമൂഹികനന്മ ലക്ഷ്യമിട്ട് മാതൃഭൂമിയും വി.കെ.സി.യും നടത്തുന്ന പ്രവർത്തനങ്ങൾ സമൂഹത്തിന്റെ ഇപ്പോഴത്തെ സാഹചര്യത്തിൽ ഏറെ പ്രസക്തമാണെന്ന് മന്ത്രി പറഞ്ഞു. പ്രളയസമയത്തെ നന്മ പ്രവർത്തനങ്ങളെ അദ്ദേഹം പ്രശംസിച്ചു.

മാതൃഭൂമി യൂണിറ്റ് മാനേജർ വിനോദ് പി. നാരായൺ അധ്യക്ഷനായി. വി.കെ.സി. ഗ്രൂപ്പ് ഡയറക്ടർ എം.എ. പ്രേംരാജ് മുഖ്യപ്രഭാഷണം നടത്തി. നന്മ പ്രോജക്ട് കോ-ഓർഡിനേറ്റർ അനീസ് ഹസ്സൻ ആമുഖപ്രഭാഷണം നടത്തി. മാതൃഭൂമി ന്യൂസ് എഡിറ്റർ എം.കെ. കൃഷ്ണകുമാർ, സീനിയർ സിവിൽ പോലീസ് ഓഫീസർ അപർണ ലവകുമാർ എന്നിവർ പ്രസംഗിച്ചു. 2019 ഫെബ്രുവരിയിൽ പ്രഖ്യാപിച്ച അഞ്ചാംഘട്ട നന്മ പദ്ധതിയുടെ പുരസ്കാരങ്ങളാണ് വിതരണം ചെയ്തത്.





CERTIFICATE OF
Recognition

VKC Junior

BE IT KNOWN TO ALL WHO BEAR WITNESS THAT
**Second Place** in the **Kerala State** is bestowed on
**GHS MANIKKAPARAMBA**
**PALAKKAD**

*for showing strong commitment towards Social Welfare in the State of Kerala by exemplary contribution in the NANMA project during the academic year 2018-19*

M.V. Shreyams Kumar
Joint Managing Director
The Mathrubhumi Printing & Publishing Co. Ltd

VKC Mammed Koya
Chairman
VKC Group of Companies

നന്ദി